# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1822

07/03/2017 ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ

| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സംബന്ധിച്ച സർവ്വേ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്തെ ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലും നിർമ്മാണപ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ 75% പൂർത്തിയായി. മലപ്പുറം ജില്ലയിൽ സർവ്വേ നടപടികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണെന്ന് ഗെയിൽ അറിയിച്ചിട്ടുണ്ട്. ആകെയുള്ള 503 കി.മീറ്ററിൽ 431 കി.മീറ്റർ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലൊട്ടാകെ 5 IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ 24 സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയായി. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗതിയിലാണ്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജനവാസ കേന്ദ്രങ്ങളിൽ കൂടി പൈപ്പ് ലൈൻ കടന്നു പോകുന്നതിനെതിരെ ഉയർന്നു വന്ന ജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾ തോറും ബോധവൽക്കരണം നടത്തുന്നുണ്ട്. ജനവാസ മേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ യാതൊരു സുരക്ഷാക്കുറവും സംഭവിക്കുന്നില്ല. ഈ പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിന് നേട്ടമാണ് ഉണ്ടാവുക. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവുമില്ലാത്തതിനാൽ നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്തുകയില്ലെന്ന് ഗെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പദ്ധതി ജനവാസകേന്ദ്രങ്ങളിൽ നിന്ന് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | | |
| (ഡി) | പദ്ധതിക്കായി നോട്ടിഫൈ ചെയ്തതും പദ്ധതി കടന്നു പോകുന്നതും അല്ലാത്തതുമായ പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് ഭൂമി ക്രയവിക്രയം ചെയ്യാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. ഭൂമിയുടെ ക്രയവിക്രയത്തിന് യാതൊരു നിയന്ത്രണവും ഗെയിൽ ഏർപ്പെടുത്തിയിട്ടില്ല. |
| (ഇ) | എങ്കിൽ ഇതുമൂലം ഒട്ടേറെ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് എന്തൊക്കെ പരിഹാര നടപടികൾ കൈക്കൊള്ളും ? | | |

സെക്ഷൻ ഓഫീസർ